"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025 - 26 - പാലക്കാട് ജില്ല- മണ്ണാർക്കാട് നിയമസഭാ മണ്ഡലം - **' മണ്ണാർകാട് മണ്ഡലത്തിൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ 'പാറപ്പുറം - കച്ചേരിപ്പറമ്പ് റോഡ് പുനരുദ്ധാരണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.556/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1) 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/1554/2026-EW6-നമ്പർ കത്ത്

ഉത്തരവ്

2025 - 26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- മരാമത്തുപണികളുടെ വിശദ വിവരങ്ങൾ- വാല്യം II ക്രമനമ്പർ **2639** ആയി ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയമസഭാ മണ്ഡലത്തിൽ **' മണ്ണാർകാട് മണ്ഡലത്തിൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ 'പാറപ്പുറം - കച്ചേരിപ്പറമ്പ് റോഡ് പുനരുദ്ധാരണം'** എന്ന പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി, 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി പ്രവൃത്തി മണ്ണാർക്കാട് നിയോജക മണ്ഡലം എം.എൽ.എ ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ P.M.C.- വ്യവസ്ഥയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ സെൻറ്റേജ് നിരക്കായ 3.5 % രേഖപ്പെടുത്തിയ K.E.L.-സമർപ്പിച്ച D.P.R.-മേൽ ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ **2639** ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയമസഭാ മണ്ഡലത്തിൽ **'മണ്ണാർകാട് മണ്ഡലത്തിൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ 'പാറപ്പുറം - കച്ചേരിപ്പറമ്പ് റോഡ് പുനരുദ്ധാരണം'** എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ **5.2 & 6** ഖണ്ഡികകളിലെ വ്യവസ്ഥകൾ പാലിച്ചിരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടുകൂടി ടി പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ( **ഇരുനൂറ് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്. (E:3415730/DEV-3/50/2026-Fin dated 23.02.2026) (AS/ LGD/25/49412)
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7. കരുതൽ ഫയൽ. (DB2/109/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 02-03-2026 17:26:35